# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1917 25.03.2013-ൽ മറുപടി

### കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

എ) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് (KAPA)എന്നാണ് നിലവിൽ വന്നത് ; അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ആയിരുന്നു ;

(എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2006 ഡിസംബർ 13-ന് പ്രാബല്യത്തിൽ വന്നു. സംസ്ഥാനത്തിന്റേയും പൗരന്മാരുടേയും സാമ്പത്തികവും ശാരീരികവുമായ സുരക്ഷക്ക് ഭീഷണിയായിട്ടുള്ള സംഘടിത കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും വേണ്ട രീതിയിൽ നേരിടുന്നതിനും ലക്ഷ്യമിട്ടാണ് നിയമനിർമ്മാണം നടത്തിയത്.

ബി) ഇതിന്റെ പരിധിയിൽ വരുന്നത് ആരെല്ലാമാണ് ;

(ബി) സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പൊതു സുരക്ഷയും പബ്ലിക് ഓർഡറിനും ഭീഷണിയാകുന്നവരാണ് നിയമത്തിന്റെ പരിധിയിൽ വരുന്നത്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, പ്രത്യക്ഷമായോ, പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന നിയമവിരുദ്ധ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആളുകൾ ഇതിന്റെ പരിധിയിൽ വരും. വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡാറ്റ പകർപ്പവകാശ അപഹർത്താവ്, മയക്ക മരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, റൗഡി, അസാന്മാർഗ്ഗിക കുറ്റവാളി, കൊള്ള പലിശക്കാരൻ, വസ്തുകയ്യേറ്റക്കാരൻ എന്നിവർ ഇതിൽ ഉൾപ്പെടുന്നതാകുന്നു.

സി) ഇതിൻ പ്രകാരം ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ ചുരുങ്ങിയത് എത്ര കേസ്സുകളിൽ പ്രതിയാവണം എന്ന് വ്യക്തമാക്കാമോ ;

(സി) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ഗുണ്ട എന്നതിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്നതും ഒരേ ഇടപാടിന്റെ ഭാഗമാകാത്തതുമായ ഒന്നിലധികം സംഭവങ്ങളിൽ കുറ്റം ചെയ്യുതായി കാണുന്നയാളെ അറിയപ്പെടുന്ന ഗുണ്ടയായും; റൗഡി എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നതും ഒരേ ഇടപാടിന്റെ ഭാഗമല്ലാത്തതുമായ മൂന്ന് വ്യത്യസ്ത സംഭവങ്ങളിൽ കുറ്റം ചെയ്യുതായി കണ്ടെത്തിയിട്ടുള്ള ആളെ അറിയപ്പെടുന്ന റൗഡിയായും കരുതൽ തടങ്കലിൽ വയ്ക്കാവുന്നതാണ്.

നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഒരു കുറ്റത്തിന് ആധികാരികതയുള്ള കോടതി ഒരിക്കലെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ള ഒരാളെയും കരുതൽ തടങ്കലിൽ വയ്ക്കാവുന്നതാണ്. ഇത് സംബന്ധിച്ച വിശദമായ വ്യവസ്ഥകൾ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 2 (ഒ), 2 (പി) എന്നീ വകുപ്പുകളിൽ പറഞ്ഞിരിക്കുന്നു.

ഡി) രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി കേസ്സുകളിൽ പ്രതിയാവുന്നവർ ഇതിന്റെ പരിധിയിൽ വരുമോ ;

(ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ, പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യം കൊണ്ടും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും ആധികാരികതയുള്ള പോലീസ് ഓഫീസറെയോ മജിസ്ട്രേട്ടിനേയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടിയിലോ ആ പാർട്ടി പ്രവർത്തകരുടെ പൊതുവായ ഇടപെടൽ കൊണ്ടുണ്ടായ ഒരു സംഭവത്തിൽ, ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിൽ ഒരാൾ ഉൾപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള കുറ്റം അയാൾ ഒരു അറിയപ്പെടുന്ന റൗഡിയായി തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇ) ആറുമാസത്തിനുള്ളിൽ എത്ര കേസ്സുകളിൽ പ്രതിയായാലാണ് ഗുണ്ടാ ആക്ടിന്റെ പരിധിയിൽ വരികയെന്ന് വ്യക്തമാക്കാമോ ;

(ഇ) തടങ്കൽ ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ഗുണ്ട എന്നതിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്നതും ഒരേ ഇടപാടിന്റെ ഭാഗമാകാത്തതുമായ ഒന്നിലധികം സംഭവങ്ങളിൽ കുറ്റം ചെയ്തതായി കാണുന്നയാളെ അറിയപ്പെടുന്ന ഗുണ്ടയായും റൗഡി എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നതും ഒരേ ഇടപാടിന്റെ ഭാഗമല്ലാത്തതുമായ മൂന്ന് വ്യത്യസ്ത സംഭവങ്ങളിൽ കുറ്റം ചെയ്തതായി കണ്ടെത്തിയിട്ടുള്ള ആളെ അറിയപ്പെടുന്ന റൗഡിയായും കണക്കാക്കി കരുതൽ തടങ്കലിൽ വയ്ക്കാവുന്നതാണ്. വിശദമായ വ്യവസ്ഥകൾ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 2 (ഒ), 2 (പി) എന്നീ വകുപ്പുകളിൽ പറഞ്ഞിരിക്കുന്നു.

എഫ്) ഗുണ്ടാ ആക്ട് പ്രകാരം കസ്റ്റഡിയിലുള്ളവരുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ ;

(എഫ്) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് പ്രകാരം കസ്റ്റഡിയിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | - 21 |
| കൊല്ലം | - 4 |
| ആലപ്പുഴ | - 4 |
| തൃശ്ശൂർ | - 3 |
| പാലക്കാട് | - 2 |
| വയനാട് | - 1 |
| കാസർഗോഡ് | - 3 |
| | ആകെ - 38 |

| | | | |
|---|---|---|---|
| ജി) | പാലക്കാട് ജില്ലയിൽ പ്രസ്തുത ആക്ട് പ്രകാരം നിലവിൽ തടവിലുള്ളവരുടെ പേരും, വിലാസവും, പ്രസിദ്ധീകരിക്കാമോ ? | (ജി) | പാലക്കാട് ജില്ലയിൽ നിന്ന് തടവിൽ കഴിയുന്നവരുടെ പേരും വിലാസവും ചുവടെ ചേർക്കുന്നു.<br>1. റഫീക്ക് @ പീക്ക<br>S/o സൈതലവി,<br>പുത്തൻ പീടികയിൽ വീട്,<br>ചുനങ്ങാട്, പിലാത്തറ,<br>ഒറ്റപ്പാലം, പാലക്കാട്<br><br>2. ഉബൈദ് @ ഉബൈദുള്ള<br>S/o ഹൈദ്രോസ്,<br>ഓട്ടൂർതറ, കല്ലേപ്പുള്ളി<br>മരുത റോഡ്, പാലക്കാട്. |

സെക്ഷൻ ഓഫീസർ